# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇലകമൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/634/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലകമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/634/2022 തീയ്യതി: 26/05/2022

# തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 05-04-2022 | 16-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-04-2022 | 16-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുമംഗല,വി. | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീമതി സൂര്യ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി ജെസി.എസ്. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ, കെ.രാജമോഹൻപോറ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രേമവല്ലി.എം. | കൃഷി ഓഫീസർ | 01-04-2020 | 20-07-2020 |
| ശ്രീമതി പ്രശാന്തി.പി.വി. | കൃഷി ഓഫീസർ | 21-07-2020 | 19-09-2020 |
| ശിരീമതി വൈശാലി | കൃഷി ഓഫീസർ | 20-09-2020 | 31-03-2021 |
| ഡോ.ജോണി.എസ്.പെരേര | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. നിഷ.എസ്. | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ബ്രിജില.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അർച്ചന.എ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി വിസി.ബി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്നേഹബാബു.എച്ച്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ. അരുൺ ടിറ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ശ്രീമതി ആശാറാണി.റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2020 | 31-03-2021 |
| ശ്രീ. ആദർശ് മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി നിർമ്മല.എസ്. | ഹെഡ്മിസ്ട്രസ് | 01-04-2020 | 19-06-2020 |
| ശ്രീ.ജോയി | ഹെഡ്മാസ്റ്റർ | 20-06-2020 | 31-03-2021 |
| ശ്രീമതി ശ്രീത.റ്റി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീ.വിനോദ്.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 1-3 |
| 4 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 1-3-1 |
| 5 | 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-3-2 |
| 6 | പദ്ധതി അവലോകനം<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-5-1 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-5-2 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-6 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 16-04-2022)<br>Last Updated By: Sabu G (Audit Officer, On 18-04-2022) | 1-7 |
| 12 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-9 |
| 14 | വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 1-10 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - പ്രധാന അപാകങ്ങൾ | 1-11 |

| | | |
|---|---|---|
| | Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | |
| 16 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-12 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-13 |
| 18 | മുറിച്ചു മാറ്റിയ മരങ്ങളുടെ ലേലം നടപ്പാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-14 |
| 19 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-15 |
| 20 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-16 |
| 21 | ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം - മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 1-17 |
| 22 | ലൈഫ് ഭവന പദ്ധതി -  അധിക തുക മുൻകൂറായി നൽകി<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 1-18 |
| 23 | റിട്രോഫിറ്റിംഗ് - ഗുണഭോക്തൃലിസ്റ്റിന്റെ അഭാവത്താൽ പദ്ധതി നടപ്പാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-05-2022) | 1-19 |
| 24 | ഫർണിച്ചർ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 249925/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-20 |
| 25 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല. 59,751/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-21 |
| 26 | അസി.എൻജിനീയർ പ്രോജക്ട് ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: Sabu G (Audit Officer, On 18-04-2022) | 1-22 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: Sabu G (Audit Officer, On 18-04-2022) | 1-23 |
| 28 | ആസ്തി സംരക്ഷണത്തിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-24 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 16-05-2022) | 1-25 |
| 30 | കമ്പ്യൂട്ടർ എ എം സി പുതുക്കൽ -കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-26 |
| 31 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണി - കരാറുകാരന്റെ യോഗ്യത വ്യക്തമല്ല<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: Reni L.S. (Computer Assistant, On 19-05-2022) | |
| 32 | വാട്ടർ അതോറിറ്റി - ഡിപ്പോസിറ്റ് പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-28 |
| 33 | കരാറിൽ ഏർപ്പെടാതെ ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-29 |
| 34 | പാലിയേറ്റീവ് പരിചരണം ,ആർദ്രം പദ്ധതി എന്നിവയുടെ ചെലവ് രേഖകൾ മുഴുവനായും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 4,12,677/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-30 |
| 35 | പട്ടികജാതി സങ്കേതങ്ങളിൽ ആരോഗ്യ പരിരക്ഷ-ആരോഗ്യ ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 38000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-31 |
| 36 | വയോമിത്രം(ജനറൽ) പദ്ധതി -തുക മുഴുവനും ജീവനക്കാർക്ക് ശമ്പളം നൽകുവാൻ വേണ്ടി മാത്രം ചെലവാക്കി.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-32 |
| 37 | വയോമിത്രം പദ്ധതി -വാങ്ങൽ നടപടികളുടെ രേഖകൾ ഹാജരാക്കിയില്ല. 85172/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-33 |
| 38 | അനുപൂരക പോഷകാഹാര വിതരണ പദ്ധതി -ന്യൂട്രിമിക്സിന്റെ ലാബ് പരിശോധന വിവരം ലഭ്യമല്ല<br>Written By: Praveen N.G (Asst. Audit Officer, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-34 |
| 39 | പാഥേയം പദ്ധതി- ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-35 |
| 40 | ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-746669/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-36 |
| 41 | ഹരിത ഭവനം പദ്ധതി, അനുബന്ധരേഖകൾ ഹാജരാക്കിയില്ല-45000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-37 |
| 42 | അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല- 683360/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-38 |
| 43 | പി എച്ച് സിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി-ഫയൽ ഹാജരാക്കിയില്ല-57,536/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 18-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 1-39 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Sabu G (Audit Officer, On 14-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Reni L.S. (Computer Assistant, On 19-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Sabu G (Audit Officer, On 14-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Sabu G (Audit Officer, On 14-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Sabu G (Audit Officer, On 14-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 14-04-2022)<br>Last Updated By: Sabu G (Audit Officer, On 14-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 17-04-2022)<br>Last Updated By: K Sreeja (Deputy Director, On 26-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.20 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 16842626.13/- രൂപയും, പ്രതീക്ഷിത വരുമാനം 199674228/-രൂപയും ചേർത്ത് ആകെ വരവ് 216516854.13/-രൂപയും ആകെ ചെലവ് 200092583/-രൂപയും നീക്കിബാക്കി 16424271.13/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020--21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 30.03.2021 ലെ l(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.ആകെ വരവ് 268186479/- രൂപയും ചെലവ് 257525505/-രൂപയും 10660974/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തി വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച വിലയിരുത്തൽ മാസംതോറും നിരീക്ഷിക്കുന്നത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) , പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക നിയന്ത്രണത്തിന്റെ നെടും തൂണുകളിൽ ഒന്നായ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന അതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 14.07.2021 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ

കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4.ബാലൻസ്ഷീറ്റിൽ Excess Of Income Over Expenditure – 121515542 രേഖപ്പെടുത്തിയിരിക്കുന്നു.

5. 2019-20 B-5 ഷെഡ്യൂൾ പ്രകാരം 5619600/- രൂപ Hudco Loan തിരിച്ചടയ്ക്കാൻ ബാക്കി നില്ക്കുന്നു. തൻവർഷം ലോൺ ഇനത്തിൽ 5900000/- രൂപ വരവ് വന്നിട്ടുണ്ട്. തൻവർഷം 1010471/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാലൻസ് തുക 10509129/- രൂപയാണ് ബാലൻസ്ഷീറ്റിൽ വരേണ്ടത്. എന്നാൽ 2020-21, B5 ഷെഡ്യൂളിൽ 10409129/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നത്.

6.സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി കെ.എസ്.ഇ.ബി യിൽ 799922/- രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് മുൻകൂർ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

7. 2019-20 ബാലൻസ്ഷീറ്റ് പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 215023/- രൂപ അവശേഷിക്കുന്നു. തൻവർഷം 132964/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ വരവ് വന്നിട്ടുണ്ട്. 53638/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ തുക തിരികെ നല്കിയിട്ടുണ്ട്. അപ്രകാരം കണക്കാക്കുമ്പോൾ ബാലൻസ് 294349/- യാണ് വരേണ്ടത്. എന്നാൽ 20-21 ബാലൻസ്ഷീറ്റിൽ 288155/- രൂപയാണ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്.

8.വികസനഫണ്ട് ജനറൽ അനുബന്ധം 4 പ്രകാരം 13643411/- രൂപയാണ് ബഡ്ജറ്റ് അലോക്കേഷൻ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 15192258/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (39, 12.4.22) അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കി. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബഡ്ജറ്റ് പ്രകാരമുള്ള തുക | പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക | എഎഫ് എസ് പ്രകാരം വരവ് | മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് | ചെലവ് | Source Deduction, 19- 20 Queue Bill ഉൾപ്പെടെ ആകെ ചെലവ് | 20-21 വർഷത്തെ Queue Bill | നീക്കിയിരിപ്പ്, ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 13400000 | 14816886 | 13643411 | 13643411 | 13643411 | 15192258 | 326017 | (-)375372<br>113% |
| വികസനഫണ്ട് SCP | 0 | 10034000 | 9521176 | 8705297 | 8705297 | 8705297 | 9218121 | 589886 | 303055<br>91.86% |
| മെയിന്റനൻസ്ഫണ്ട്-നോൺറോഡ് | 0 | 4263000 | 4219881 | 4219696 | 4219696 | 4219696 | 4219696 | 419377 | 185<br>98.98% |
| മെയിന്റനൻസ്ഫണ്ട്-റോഡ് | 0 | 10367000 | 10367000 | 9987627 | 9987627 | 9987627 | 9987627 | 1572985 | 379373<br>96.34% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ റ്റൈഡ് ഗ്രാന്റ് | 0 | 5870000 | 5870000 | 2871176 | 2871176 | 2871176 | 2871176 | - | 2998824<br>48.91% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺറ്റൈഡ് ഗ്രാന്റ് | 0 | 5870000 | 9442596 | 7558866 | 7558866 | 7558866 | 7558866 | 3575171 | 1883730<br>128% |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 354265.15 | - | - | 1410547 | 1764812.15 | 1737868.4 | - | - | 26943.75 |

വികസനഫണ്ട് ജനറൽ അനുബന്ധം IV പ്രകാരം ബജറ്റ് അലോക്കേഷൻ തുക 13400000/- രൂപയാണ്. എന്നാൽ ചെലവ് 15192258/- രൂപയാണ്. ബജറ്റ് അലോക്കേഷൻ കൂടാതെ അധികമായി തുക ചെലവഴിച്ചതിന്റെ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| വിഭാഗം | | പൊതുവിഭാഗം ജനറൽ | ചെലവ് ശതമാനം | എസ്.സി.പി. | ചെലവ് ശതമാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ചെലവ് ശത മാനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 4907220 | | 0 | | 444000 | | 0 | | 199999 | |
| | ചെലവ് | 3690185 | 75.19% | 0 | 0 | 215100 | 48.44% | 0 | 0 | 199999 | 100% |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 10447336 | | 0 | | 8833076 | | 0 | | 2860008 | |
| | ചെലവ് | 8881178 | 85% | 0 | 0 | 4804646 | 54.39% | 0 | | 2470016 | 86.36% |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 2655400 | | 0 | | 5798353 | | 12740375 | | 1818000 | |
| | ചെലവ് | 2620895 | 98.7% | 0 | 0 | 5410296 | 93.3% | 9987627 | 78.39% | 1549681 | 85.24% |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 75000 | | | | 0 | | 0 | |
| | ചെലവ് | 0 | | 51000 | 68% | 0 | 0 | 0 | | 0 | |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 11797676 | | 0 | | 0 | | | |
| | ചെലവ് | 0 | | 8404755 | 71.24% | 0 | 0 | 0 | | 0 | |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 0 | | 813705 | | | | | | 0 | |
| | ചെലവ് | 0 | | 762366 | 93.69% | 0 | 0% | | % | 0 | |

ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-2 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.

| ക്രമ നം | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പഞ്ചായത്ത് വകയിരുത്തിയ തുക | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 13400000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള | 10720000 | 18009956 | 15192258 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള | 84.35% |

| | | | | | | |
|---|---|---|---|---|---|---|
| | | തുക | | | ചെലവ്) | |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 113400000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുകയുടെ 10% | 3216000 | 4907220 | 3690185 | 75.19% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം ,ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 14076000ന്റെ 15% | - | - | - | - |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ്,സി പി തുകകളുടെ 20%(14403400x20%) | 4686800 | 26950278 | 16860756 | 62.56% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20%<br>(13400000x 20%) | 2680000 | 11191349 | 5697880 | 50.91% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം.1 പ്രകാരമുള്ള തുകയുടേയും എസ്.സി. പി. തുകയുടേയും 10%<br>(20754000x 10%) | 2075400 | 2832008 | 1786410 | 63.07% |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ,ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3ക്രമ നം.1 പ്രകാരമുള്ള തുകയുടേയും എസ്.സി.പി. തുകയുടേയും 5%<br>(20754000x 5%) | 1037700 | 1479300 | 323850 | 21.89% |
| 8. | വയോജനങ്ങൾക്ക വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നം.1 പ്രകാരമുള്ള തുകയുടേയും എസ്.സി.പി. തുകയുടേയും 5%<br>(20754000x 5%) | 1037700 | 1803645 | 1040817 | 57.70% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന<br>കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം-പശ്ചാത്തലം | പട്ടിക 3 ക്രമ നം. 1 പ്രകാരമുള്ള തുക 10720000ന്റെ 30% | 3216000<br>(വകയിരുത്താവുന്ന കൂടിയ തുക) | 2655400 | 2620895 | 98.70% |
| 10 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30%<br>(10034000x30%) | 3010200<br>(വകയിരുത്താവുന്ന കൂടിയ തുക) | 813705 | 762366 | 93.69% |
| 11 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നം | പദ്ധതി | ഫണ്ട്- വികസനഫണ്ട്<br>വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കണവാടി പോഷകാഹാര വിതരണം | 1400000 | 1400000 | 100% |
| 2 | എസ്. എസ്. എ. | 1533714 | 1533714 | 100% |
| 3 | പാലിയേറ്റീവ് കെയർ | 349645 | 349645 | 100% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 896250 | 813450 | 90.76% |

| | | | | |
|---|---|---|---|---|
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 0 | 0 | 0 |
| 6. | ആശ്രയ പ്രോജക്ട് | 1073400 | 353400 | 32.92% |
| 7 | ഐ.കെ.എം. വിഹിതം | 87935 | 87935 | 100% |

## 1-4 പദ്ധതി അവലോകനം

2020-21 ൽ ഇലകമൺ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 12,77,94,842 | 143 | 7,02,56,977 | - | 37 | 79.44% |

അസിസ്റ്റന്റ് സെക്രട്ടറി 16 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 8 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ആകെ 5215341/- രൂപ വകയിരുത്തിയതിൽ 1621055/- രൂപ മാത്രമാണ് ചെലവഴിക്കാനായത് (ചെലവു ശതമാനം. 31.08%)

പ്രോജക്ടുകൾ സമയബന്ധിതമായും ജനോപകാരപ്രദമായും നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67220 | - |
| കർഷകതൊഴിലാളി പെൻഷൻ | 1700500 | 702 |
| വിധവ പെൻഷൻ | 21103700 | 8266 |
| വാർദ്ധക്യകാലപെൻഷൻ | 37937900 | 16195 |
| വികലാംഗപെൻഷൻ | 5286800 | 2084 |
| വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224800 | 87 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ട് സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഗംഗാധരൻ | 13.11.20 | 102270200620 | ആക്ടീവ് |
| 2 | മുരളീധരൻനായർ | 8.11.20 | 102270202990 | ആക്ടീവ് |
| 3 | സുഭാഷിണി | 24.10.20 | 102270201847 | ആക്ടീവ് |
| 4 | സാവിത്രി | 4.8.20 | 102270202263 | ആക്ടീവ് |
| 5 | ധർമ്മരാജൻ | 13.9.20 | 102270202128 | ആക്ടീവ് |
| 6 | രാഘവൻ | 14.3.21 | 102270202315 | ആക്ടീവ് |

സേവന ഡേറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യാത്തവർക്ക് 2022 ഏപ്രിൽ മേയ് മാസങ്ങളിലെ പെൻഷൻ സഹകരണബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു. ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 37തീയതി 11.04.22 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | യശോദ | 102270600500 | വിധവാപെൻഷൻ | 12.11.20 | ആക്ടീവ് | 12/20മുതൽ 2/22 വരെ<br>600x15=9000 | 9000 |
| 2 | പ്രഭാഷിണി | 102270201552 | വാർദ്ധക്യകാലം | 5.11.20 | ആക്ടീവ് | 12/20-1400<br>01/21മുതൽ 03/21 വരെ<br>1500x3=4500<br>04/21മുതൽ 02/22 വരെ<br>1600x11=17600 | 23500 |
| 3 | വേലുക്കുട്ടിചെട്ടിയാർ | 102270200476 | വാർദ്ധക്യകാലം | 9.10.20 | ആക്ടീവ് | 11/20മുതൽ 03/21 വരെ<br>1500x5=7500<br>4/21-1600 | 9100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ഹരിദാസൻപിള്ള | 102270201227 | വാർദ്ധക്യകാലം | 21.9.20 | ആക്ടീവ് | 10/20മുതൽ 12/20 വരെ<br>1400×3=4200<br>01/21മുതൽ 03/21 വരെ<br>1500×3=4500<br>04/21മുതൽ 02/22 വരെ<br>1600×11=17600 | 26300 |
| 5 | ആനന്ദൻ | 102270200295 | വാർദ്ധക്യകാലം | 19.9.20 | സസ്പെൻഡ് | 10/20മുതൽ 03/21 വരെ<br>1500×6=9000<br>04/21മുതൽ 09/21 വരെ<br>1600×6=9600 | 18600 |
| 6 | വിജയദേവൻപിള്ള | 102270202867 | വാർദ്ധക്യകാലം | 27.3.21 | ആക്ടീവ് | 04/21മുതൽ 11/21 വരെ<br>1600×8=12800 | 12800 |
| 7 | സരസ്സമ്മ | 102270201782 | വാർദ്ധക്യകാലം | 3.2.21 | ആക്ടീവ് | 03/21-1500<br>04/21മുതൽ 02/22 വരെ<br>1600×11=17600 | 19100 |
| 8 | ശിവാനന്ദൻ | 102270201602 | വാർദ്ധക്യകാലം | 27.10.20 | ആക്ടീവ് | 02/22 വരെ തുക കൈമാറിയിട്ടില്ല.<br>03/22 -04/22-<br>1600×2=3200രൂപ സഹകരണബാങ്കിന് കൈമാറി | 3200 |
| 9 | ശാരദ | 102270600275 | വാർദ്ധക്യകാലം | 11.1.21 | ആക്ടീവ് | 02/22 വരെ തുക കൈമാറിയിട്ടില്ല.<br>03/22 -04/22-<br>1600×2=3200രൂപ സഹകരണബാങ്കിന് കൈമാറി | 3200 |
| 10 | മണി | 102270203136 | വാർദ്ധക്യകാലം | 12.2.21 | ആക്ടീവ് | 02/22 വരെ തുക കൈമാറിയിട്ടില്ല.<br>03/22 -04/22-<br>1600×2=3200രൂപ സഹകരണബാങ്കിന് കൈമാറി | 3200 |
| 11 | രാജമ്മ | 102270201278 | വാർദ്ധക്യകാലം | 2.2.21 | ആക്ടീവ് | 03/21-1500<br>04/21മുതൽ 04/22 വരെ<br>1600×13=20800 | 22300 |
| 12 | സുകുമാരൻ | 102270200496 | വാർദ്ധക്യകാലം | 19.10.20 | ആക്ടീവ് | 02/22 വരെ തുക കൈമാറിയിട്ടില്ല.<br>03/22 -04/22- | 3200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 1600×2=3200രൂപ സഹകരണബാങ്കിന് കൈമാറി | |
| 13 | ജനാർദ്ദനൻപിള്ള | 102270202320 | വാർദ്ധക്യകാലം | 15.1.21 | ആക്ടീവ് | 02/22 വരെ തുക കൈമാറിയിട്ടില്ല. 03/22 -04/22- 600×2=1200രൂപ സഹകരണബാങ്കിന് കൈമാറി | 1200 |
| 14 | രാധാകൃഷ്ണൻ | 102270201393 | വാർദ്ധക്യകാലം | 8.7.20 | ആക്ടീവ് | 08/20-1300 09-20മുതൽ 12/20 വരെ 1400×4=5600 01/21മുതൽ 03/21- 1500×3=4500 04/21മുതൽ 04/22 വരെ 1600×13=20800 | 32200 |
| 15 | തങ്കപ്പൻപിള്ള | 102270100143 | കർഷകതൊഴിലാളി | 9.7.20 | ആക്ടീവ് | 08/20-1300 09-20മുതൽ 12/20 വരെ 1400×4=5600 01/21മുതൽ 03/21- 1500×3=4500 04/21മുതൽ 04/22 വരെ 1600×13=20800 | 32200 |
| 16 | ബാബുരാജേന്ദ്രൻ | 102270201143 | വാർദ്ധക്യകാലം | 11.8.20 | ആക്ടീവ് | 09-20മുതൽ 12/20 വരെ 1400×4=5600 01/21മുതൽ 03/21- 1500×3=4500 04/21മുതൽ 04/22 വരെ 1600×13=20800 | 30900 |
| 17 | സുന്ദരൻ | 102270203563 | വാർദ്ധക്യകാലം | 21.7.20 | ആക്ടീവ് | 08/20-1300 09-20മുതൽ 12/20 വരെ 1400×4=5600 01/21മുതൽ 03/21- 1500×3=4500 04/21മുതൽ 04/22 വരെ 1600×13=20800 | 32200 |
| 7 | | | | | | ആകെ | 2,82,200/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇലകമൺ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.36തീയതി 11.04.22ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക സംബന്ധിച്ച തുടർനടപടികൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതുണ്ട്. അനർഹമായി നൽകിയ തുക സംബന്ധിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.04.2022 തീയതിയിൽ 10.45AM സമയത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7931/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായി ചുവടെ പറയുന്ന വിഷയങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

2) ഗ്രാമ പഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

3)ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4)ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി ജനറൽ കമ്മിറ്റി എടുത്ത തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

6) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഫയലുകൾ സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി ജാഗ്രത പുലർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

9)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 354265.15 | 1410547.00 | 1764812.15 | 1737868.40 | 26943.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത് | 0 | 32511805.00 | 32511805.00 | 32511805.00 | 0 |
| ആകെ | 354265.15 | 33922352.00 | 34276617.15 | 34249673.40 | 26943.75 |

1. തൊഴിലുറപ്പ പദ്ധതി വിശദാംശങ്ങൾ

2020- 2021 സാമ്പത്തികവർഷത്തെ MGNREGA - യുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.01/06.04.2022-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-<br>അംഗങ്ങൾ- |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1465<br>തൊഴിലാളികൾ-1580 |

| | |
|---|---|
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം--<br>തൊഴിലാളികൾ- |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | - |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | - |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | - |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | - |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 1200 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 113 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 113 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | - |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 224 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 171 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 61.26 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 96806 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | 0 |
| ആസ്തിരജിസ്റ്റർ | ഉണ്ട് |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 540 |
| 80-99 | 110 |
| 70-79 | 89 |
| 60-69 | 116 |
| 50-59 | 104 |
| 50 ൽ താഴെ | 496 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 09.03.2021 വരെ | 01.09.2020 മുതൽ 31.12.2020 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.02.2020 | 2014-15 മുതൽ 2018-19 വരെ | 17.03.2020 |

## 1-10 വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

1)നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 12, 15, 16 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 16/407 | സുവർണ്ണകുമാരി | പാർപ്പിടം | 88 $M^2$ |
| 2 | 16/669 | കമലാനന്ദൻ | പാർപ്പിടം | 80 $M^2$ |
| 3 | 16/455 | മോഹനൻ | പാർപ്പിടം | 78 $M^2$ |
| 4 | 16/8 | മൈക്കിൾ | പാർപ്പിടം | 70 $M^2$ |
| 5 | 15/153 | കനകരാജൻ | പാർപ്പിടം | 75 $M^2$ |
| 6 | 15/304 A | ഗീത രാജേന്ദ്രൻ | പാർപ്പിടം | 123.45 $M^2$ |
| 7 | 15/365 | റഹ്മാ ബീവി | പാർപ്പിടം | 68.7 $M^2$ |
| 8 | 15/559 | സുനിൽ | പാർപ്പിടം | 65.63 $M^2$ |
| 9 | 12/295 | ദേവകി | പാർപ്പിടം | 65.45 $M^2$ |
| 10 | 12/367 A | സുധർമ്മിണി | പാർപ്പിടം | 68.5 $M^2$ |
| 11 | 12/522 | ഗോപി ശ്യാമള | പാർപ്പിടം | 72.5 $M^2$ |
| 12 | 12/560 | ശിവപ്രസാദ് | പാർപ്പിടം | 72.5 $M^2$ |
| 13 | 12/658 | പ്രസന്ന | പാർപ്പിടം | 75 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/11.04.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ മേൽ വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 7/193 | ചെയർമാൻ (മെറ്റ്ക, ചാവർകോഡ്) | വിദ്യാഭ്യാസാവശ്യം | 452.9 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207 (1 (ബി))-വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 2 | 7/194 | ചെയർമാൻ (മെറ്റ്ക, ചാവർകോഡ്) | വിദ്യാഭ്യാസാവശ്യം | 502 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ - വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ - (സെ.207(1 (ബി) ) |
| 3 | 12/322 | എം.ജി.എം. സ്കൂൾ (അയിരൂർ- വർക്കല | വിദ്യാഭ്യാസാവശ്യം | 151.6 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 4 | 12/324 | എം.ജി.എം. സ്കൂൾ (അയിരൂർ- വർക്കല | വിദ്യാഭ്യാസാവശ്യം | 351.6 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 5 | 12/326 A | എം.ജി.എം. സ്കൂൾ (അയിരൂർ- വർക്കല | വിദ്യാഭ്യാസാവശ്യം | 105 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 6 | 12/328 | എം.ജി.എം. സ്കൂൾ (അയിരൂർ- വർക്കല | വിദ്യാഭ്യാസാവശ്യം | 90 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 7 | 12/329 | എം.ജി.എം. സ്കൂൾ (അയിരൂർ- വർക്കല | വിദ്യാഭ്യാസാവശ്യം | 25 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/11.04.2022 ന് ലഭിച്ച മറുപടിയിൽ 12/04/2012 ലെ 49590/RC2/2011/LSGD നമ്പർ സർക്കുലർ പ്രകാരമാണ് നികുതി ഒഴിവാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സർക്കുലറിൽ 14.01.2011 ന് ശേഷം നികുതി ഒഴിവാക്കുന്നതിന് വ്യവസ്ഥയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)കെട്ടിടങ്ങളുടെ ഇളവ് രേഖപ്പെടുത്തിയതിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വാസഗൃഹങ്ങൾക്ക് തെറ്റായ നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയയിലെ ഇളവ് |
|---|---|---|---|---|
| 1 | 2/271 | കുഞ്ഞുമോൾ | പാർപ്പിടം | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുച്ഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം |
| 2 | 16/370 | ലളിത ബാലകൃഷ്ണൻ | പാർപ്പിടം | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുച്ഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം |
| 3 | 13/508 | അമ്മിണി അമ്മ | പാർപ്പിടം | കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുച്ഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം |
| 4 | 4/171 A | സജിത ബീവി | പാർപ്പിടം | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 (1 (എച്ച്) ) |

| | | | | |
|---|---|---|---|---|
| 5 | 16/690 | ധർമ്മപാലൻ | പാർപ്പിടം | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 (1 (എച്ച്) ) |
| 6 | 2/508 | ബിന്ദു | പാർപ്പിടം | സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 (1 (എച്ച്) ) |
| 7 | 4/534 B | ശാരദ | പാർപ്പിടം | സെക്ഷൻ 207 (1 (ഡി) ) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/11.04.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

4)ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമ യ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തെ 2013 ഒന്നാം അർദ്ധ വർഷം മുതൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1/238 | രമാഭായി. എൻ. (ഹരിഹരപുരം) | 61 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/11.04.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 2/19 | ഗോപിനാഥൻപിള്ള, (സ്മിതാ നിവാസ്, ഹരിഹരപുരം) |
| 2 | 8/161 | വിജയൻ (വിജയാ കോട്ടേജ്, പാളയംകുന്ന്) |
| 3 | 10/313 | സത്യദേവൻ (ശ്രേയസ്, പാളയംകുന്ന് ) |
| 4 | 13/346 | തുളസി (രാഖി ഭവൻ, അയിരൂർ) |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 32/11.04.2022 ന് ലഭിച്ച മറുപടിയിൽ സ്ഥല പരിശോധന നടത്തിയാണ് കെട്ടിടങ്ങളെ ഒഴിവാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

6)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 1/128 | സുമംഗല, ഹരിഹരപുരം |
| | 1/129 A | |
| 2 | 1/591 | വിശ്വംഭരൻ, ആലുവിള വീട് |
| | 1/591 A | |
| 3 | 5/170 | മാധവൻ, ലതികാലയം |
| | 5/170 B | |
| 4 | 6/421 | അർജ്ജുനൻ ചെട്ടിയാർ, വിളയിൽവീട് |
| | 6/422 | |
| 5 | 6/551 | എം.ലീല (പാളയംകുന്ന് |
| | 6/552 | |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ നാലു വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 1 | 534 | A | രേണുക (പാറവിളവീട്) | 39.8 |
| 2 | 1 | 539 | B | മഞ്ചു (പാറവിള വീട്, ഹരിഹരപുരം പി.ഒ, വർക്കല) | 40.12 |
| 3 | 1 | 568 | D | സുശീല (ആലുവിളപ്പുറം, ഹരിഹരപുരം പി.ഒ.) | 52.8 |
| 4 | 1 | 568 | E | സുമതി (ആലുവിളപ്പുറം വീട്, ഹരിഹരപുരം പി.ഒ) | 38.57 |
| 5 | 1 | 576 | A | സുശീല.പി (ആലുവിളപ്പുറം, ഹരിഹരപുരം) | 54 |
| 6 | 2 | 349 | A | മഞ്ചു. സുപ്രൻ (ദേവികൃപ, കെടാകുളം) | 10 |
| 7 | 2 | 514 | C | 1.മണികണ്ഠൻ .എസ് 2. മഞ്ചു (എം.എം.വില്ല) | 9 |
| 8 | 2 | 703 | A | ബേബി അമ്മ (വേക്കുളത്ത് പുത്തൻവീട്) | 38 |
| 9 | 3 | 687 | B | കൃഷ്ണമ്മ (കൊച്ചുവീട്, ഇലകമൺ) | 39 |
| 10 | 3 | 701 | B | രഞ്ജിനി.ആർ.ബി (ശാലു സദനം, ഇലകമൺ | 39 |
| 11 | 4 | 91 | A | സഫറുള്ള (ദാർ അൽ സുഫിൻ, കിഴക്കേപ്പുറം | 26.58 |
| 12 | 4 | 266 | A | സുലേഖ. ആർ (അഞ്ജന ഭവൻ,പുതുവൽ) | 9 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/11.04.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7)അനധികൃത കെട്ടിടങ്ങൾ - അപാകങ്ങൾ

1)ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി(U/A രജിസ്റ്റർ) നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 14/1 U/A | വിജി, തേവാനത്തുവീട്, തേവാനം | വാസഗൃഹം |
| 2 | 14/2 U/A | രാജി, വീണാ ഭവന്, തേവാനം | വാസഗൃഹം |
| 3 | 14/4 U/A | ഷീല, ചരുവിള പുത്തൻ വീട് | വാസഗൃഹം |
| 4 | 16/1 U/A | പ്രേമ ലത, തിരുവോണം, തെറ്റിക്കുഴി | വാസഗൃഹം |
| 5 | 2/UA-1 | സൈനബ, ഷാഫി മൻസിൽ കളത്തറ | വാസഗൃഹം |

2)കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചതും കെട്ടിട നികുതി നിർണയിക്കാത്തതുമായ 10 വാണിജ്യകെട്ടിടങ്ങൾ ഉൾപ്പെടെ 14 കെട്ടിടങ്ങളുടെ വിവരങ്ങൾ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്(രജിസ്റ്റർ നം.I). എന്നാൽ പ്രസ്തുത കെട്ടിട നിർമ്മാണങ്ങളിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/11.04.2022 ലഭിച്ച മറുപടിയിൽ സ്ഥല പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

8)കെട്ടിടങ്ങളുടെ വിസ്തീർണം - വ്യത്യസ്ത റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തീർണവും നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15 എക്സൽ ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ട്) പ്രകാരമുള്ള വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | അസസ്മെന്റ് റിപ്പോർട്ട് പ്രകാരം കെട്ടിട വിസ്തീർണം | കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15) പ്രകാരമുള്ള വിസ്തീർണവും |
|---|---|---|---|
| 1 | 11/572 B | 57 $M^2$ | 114 $M^2$ |
| 2 | 15/481 | 40.7 $M^2$ | 81.4 $M^2$ |
| 3 | 7/519 | 40 $M^2$ | 80 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 27/11.02.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതിന് ഐ.കെ.എം-മായി ബന്ധപ്പെടുമെന്ന് അറിയിച്ചിട്ടുണ്ട്. ഐ.കെ.എം സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

9)കെട്ടിട നമ്പർ നൽകലും നികുതി നിർണയവും അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ആദ്യ 20 ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

I)

| | |
|---|---|
| ഫയൽ നമ്പർ | A4-4093/20 |
| കെട്ടിട ഉടമ | ശ്രീമതി നിർമ്മല |
| കെട്ടിട നമ്പർ | 9/2 A |
| ഉപയോഗക്രമം | പാർപ്പിടം |
| വിസ്തീർണം | 123.45 $M^2$ |

അപാകതകൾ

1) 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം വസ്തു നികുതി നിർണയിക്കുമ്പോൾ കെട്ടിട ഉടമകൾ സെക്രട്ടറി മുൻപാകെ ഫാറം നമ്പർ 2 സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, വസ്തു നികുതി നിർണ്ണയം നടത്തി ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫാറം നം 2, 6 എന്നിവ പൂർത്തീകരിച്ചിട്ടില്ല.

2) പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 6/416 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 80.50 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 110 ച.മീ ആണ്.

II)

| ഫയൽ നമ്പർ | A4-1723/20 |
|---|---|
| കെട്ടിട ഉടമ | ശ്രീമതി ഷെരീഫ എസ് |
| കെട്ടിട നമ്പർ | 5/139 A |
| ഉപയോഗക്രമം | പാർപ്പിടം |
| വിസ്തീർണം | 103 $M^2$ |

അപാകതകൾ

1)ഫാറം നം 2, 6 എന്നിവ പൂർത്തീകരിച്ചിട്ടില്ല.

2)പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ റോഡിന്റെ വീതി 5 മീറ്ററിൽ കൂടുതലാണ്. എന്നാൽ ഫാറം നം 6 ലും സഞ്ചയയിലും റോഡിന്റെ വീതി 1.5 മീറ്ററിൽ കൂടുതല്(5 മീറ്ററിൽ കുറവ്) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 48/16/04/2022 ന് ലഭിച്ച മറുപടിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - പ്രധാന അപാകങ്ങൾ

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.2020-21 വർഷം ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ക്രമ നം. 175 മുതൽ 214 വരെയുള്ള സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 7/639 | സുനിൽകുമാർ | ബേക്കറി |
| 2 | 13/126 | ഷിയാസ് | മൊബൈൽ ഷോപ്പ് |
| 3 | 11/153 | അൻസാരി | സ്റ്റേഷനറി |
| 4 | 1/303 D | സതീഷ് | സിമന്റ് വ്യാപാരം |
| 5 | 9/545 | ബിജു | സ്റ്റേഷനറി |
| 6 | 9/408 A | ലീന | സ്റ്റേഷനറി |

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2019-20 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട 2, 4 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 2/14 A,b,c,d | അനീഷ | ഭക്ഷണ വിതരണം |
| 2 | 2/415 A | സുഭാഷ് മണി | തയ്യൽക്കട |
| 3 | 2/156 | അഗസ്റ്റിൻ | കമ്പ്യൂട്ടർ വില്പന |
| 4 | 2/443 | ശിവകുമാരി | ഹോളോബ്രിക്സ് |
| 5 | 2/66 B | ലിജിൻ | ശീതള പാനീയം |
| 6 | 4/606 | രതീഷ് ബാബു | ഡി.റ്റി.പി സെന്റർ |
| 7 | 4/468 | ശ്രീധരൻ | പലചരക്ക് |
| 8 | 4/45 A | രജീന | പൗൾട്രിഫാം |

| | | | |
|---|---|---|---|
| 9 | 4/70 B,C | സുദീപ് | ഫാം ടൂറിസം |
| 10 | 4/35 | നസീമ ബീവി | പലചരക്ക് കട |
| 11 | 4/613 | മോഹനൻ | ഫോട്ടോസ്റ്റാറ്റ് |
| 12 | 4/405 A | അനുപമ | തയ്യൽമെഷീൻ |
| 13 | 4/674 | ഷാനി | ഫ്ലവർമിൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/12.04.2022 ന് ലഭിച്ച മറുപടിയില് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ് .

## 1-12 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-അപാകങ്ങൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷന്) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)2018-19,2019-20 വർഷങ്ങളിൽ സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ.പാർവതി | ക്യൂവർ & കെയർ ഹോമിയോ |
| 2 | ഡോ.ശ്രീകുമാർ | ശാരദ ക്ലിനിക് |
| 3 | ഡോ.അൻവർ അബു | അബൂസ് ഹോസ്പിറ്റൽ |
| 4 | ഡോ.റാസിൽ നസറുള്ള | സ്പെട്രോപോളി ക്ലിനിക് ലാബ് |
| 5 | ഡോ.സുഖ്മി | ആയുർവേദ ക്ലിനിക് |
| 6 | അജിത്ത് കുമാർ | പാർവ്വതി ക്ലിനിക് |
| 7 | ഡോ.അനുജ | സ്മൈലി എലൈറ്റ് ദന്തൽ ക്ലിനിക് |

B)സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് 2020-21 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമനം | കെട്ടിട നം | കെട്ടിട ഉടമ/വിലാസം |
|---|---|---|
| 1 | 3/293/ | ഗോപല പിള്ള/ചെമ്പകശേരി |
| 2 | 6/261/ | സെയ്ദ്, ഷൈൻ ബംഗ്ലാവ് |
| 3 | 11/717/ | ഡോ.പി.വി രവീന്ദ്രൻ, ദീപ്തി |

| | | |
|---|---|---|
| 4 | 12/15/A,B,C,D,E | ജ്യോതിസ് നാസറുള്ള, സങ്കേതം |
| 5 | 13/648/649 | ഡോ.ശ്രീകുമാർ,ശാരദ ഹോസ്പിറ്റൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/12.04.2022 ന് ലഭിച്ച മറുപടിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1)കരാറുകാരിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്ക ിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (ഡബ്ല്യു.പി.സി 16670/06).

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.28/11.04.2022 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ക്യോസ് ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 28/11.04.2022 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 മുറിച്ചു മാറ്റിയ മരങ്ങളുടെ ലേലം നടപ്പാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 81 കുഴിവിള അങ്കണവാടിയിൽ അപകടകരമായി സ്ഥിതിചെയ്തിരുന്ന രണ്ട് പ്ലാവുകൾ മുറിച്ചുമാറ്റുകയും, പ്രസ്തുത മരങ്ങൾ ലേലം ചെയ്യുന്നതിനായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി 22.09.2020 തീയതിയിൽ വനം വകുപ്പിൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ നിന്നും 06.01.2021 ൽ ലഭിച്ച വിലനിർണയ പ്രകാരം (എസ്.എഫ്.എ2 2395/20) മരത്തടികളുടെ ആകെ മൂല്യം 53851/- രൂപയാണ്. കൂടാതെ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കോമ്പൗണ്ടിൽ സ്ഥിതിചെയ്തിരുന്ന തേക്ക്, ലേലം ചെയ്യുന്നതിനായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി 22.11.2019 തീയതിയിൽ വനം വകുപ്പിൽ കത്ത് നൽകുകയും വനം വകുപ്പിൽ നിന്നും 11.03.2020 ൽ വിലനിർണയിച്ച് മറുപടി കത്തും ലഭിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത മരത്തടികൾ ലേലം ചെയ്യുന്നതിനായി തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതിചെയ്തിരുന്ന തേക്ക്, ലേലം ചെയ്യുന്നതിനായി വനം വകുപ്പിൽ കത്ത് നൽകുന്നതിന് 17.02.2020 തീയതിയിൽ 7(2) നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുമുണ്ട്. എന്നാൽ മേൽ ലേലത്തിലും തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.41,44/14.04.2022 എന്നിവയ്ക്ക് ലഭിച്ച മറുപടിയിൽ ലേലങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ഇനങ്ങൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1089 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 6 വളർത്തുനായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 29/11.04.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

2015-16 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷത്തെ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയ തുകയായ 2,05,718/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/06.04.2022) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 2019-20ൽ ഒടുക്കു വരുത്തിയ തുകയായ 1,02,409/- രൂപയും 2020-21 ൽ ഒടുക്കുവരുത്തിയ തുകയായ 49,904/- രൂപയും ഇതു വരെയും തിരികെ ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം - മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി

I)

| | |
|---|---|
| പ്രോജക്ട് നം | S031/21 |
| പ്രോജക്ടിന്റെ പേര് | ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 2600000(1040000വി.ഫ,520000/- ബ്ലോ.പ 1040000 ജി.പ/-) |
| ചെലവ് | 2360000(960000+440000+960000) |

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്രകോളനി നവീകരണം. 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ ചാരുംകുഴി കുന്നുപുറം കോളനിയിലാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി പ്രകാരം ഭവനപുനരുദ്ധാരണത്തിന് 13 ഗുണഭോക്താക്കൾക്ക് ആനുകല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 80000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2)പ്രോജ്കട് മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയശേഷം മെയിന്റനൻസ് പൂർത്തീകരിച്ച വീടുകളുടെ ഫോട്ടോ തയ്യാറാക്കി ഫയലിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ വീടുകളുടെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

3)പ്രോജക്ട് പ്രകാരം ശ്രീ.ബേബി ആർ, ചാരുംകുഴി ലക്ഷം വീട്, അയിരൂർ എന്ന വ്യക്തിയ്ക്ക് പദ്ധതി ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ പ്രസ്തുത വ്യക്തി ഉൾപ്പെട്ടിട്ടില്ല.

4)ശ്രീ. സുനിൽകുഞ്ഞൻ, ചാരുംകുഴി ലക്ഷം വീട്, അയിരൂർ എന്ന ഗുണഭോക്താവിന് വീട് മെയിന്റനൻസ് നടപ്പാക്കുന്നതിന് 160000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തി മെയിന്റനൻസ് പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/08.04.2022 ന് ലഭിച്ച മറുപടിയിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആദ്യ ഗഡു തുക ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് 80000/- രൂപ ആദ്യ ഗഡുവായി നൽകിയതെന്നും പ്രോജക്ട് പൂർത്തീകരണത്തിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.രാഘവൻ എന്ന വ്യക്തിയുടെ മകനായതിനാലാണ് ശ്രീ.ബേബി ആർ, ചാരുംകുഴി ലക്ഷം വീട്, അയിരൂർ എന്ന വ്യക്തിക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ശ്രീ.സുനിൽകുഞ്ഞൻ, ചാരുംകുഴി ലക്ഷം വീട്, അയിരൂർ എന്ന ഗുണഭോക്താവ് പദ്ധതി തുക കൈപ്പറ്റി വീട് പൂർത്തീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - അധിക തുക മുൻകൂറായി നൽകി

| പ്രോജക്ട് നം | SO012/21 | SO020/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് പാർപ്പിട പദ്ധതി ജനറൽ | ലൈഫ് പാർപ്പിട പദ്ധതി എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 6000000(400000വി.ഫ,1500000/- സ.ഫ 80000ബ്ലോ.പ/-, 3300000 ലോൺ) | 6087876(487876വി.ഫ,1500000/- സ.ഫ 80000ബ്ലോ.പ/-, 3300000 ലോൺ) |
| ചെലവ് | 2497880(400000+260000+257880+1580000) | 2460000(400000+90000+0+1160000) |

സ.ഉ.(സാധാ) നം.3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40000(10%), 160000(40%), 100000(25%), 100000(25%) എന്നിങ്ങനെയാണ് അനുവദിച്ച നൽകേണ്ടത്. പദ്ധതിയുടെ കരാർ ചമയ്ക്കുന്ന സമയത്ത് മുൻകൂറായി ആദ്യഗഡു തുകയായ 40000/- രൂപ മാത്രമാണ് അനുവദിച്ച നൽകേണ്ടത്. എന്നാൽ മേൽ പദ്ധതികളിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക അധികമായി നിൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | അനുവദിച്ച ആദ്യഗഡു തുക |
|---|---|---|---|
| 1 | സഞ്ജു, കല്ലുവിള വീട് | പട്ടികജാതി | 100000 |
| 2 | ലതാ ദേവി, അശ്വതി ഭവൻ | ജനറൽ | 100000 |
| 3 | സൗമ്യ, അശ്വതി | പട്ടിക ജാതി | 100000 |
| 4 | രഞ്ജിനി, ഉഷാര | ജനറൽ | 100000 |
| 5 | ലതിക, സുമാ നിവാസ് | ജനറൽ | 80000 |
| 6 | സുധീർ, കളിയിൽ വിളവീട് | ജനറൽ | 80000 |
| 7 | മഞ്ജു, പാറയിൽ പുത്തൻവീട് | പട്ടിക ജാതി | 80000 |
| 8 | സന്ധ്യ, മണപ്പുഴതൊടിയിൽ | പട്ടിക ജാതി | 80000 |
| 9 | ശാന്ത, കൊച്ചുവീട് | ജനറൽ | 80000 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/08.04.2022 ന് ലഭിച്ച മറുപടിയിൽ പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ലൈഫ് മിഷനിൽ നിന്നും നിർദ്ദേശം ലഭിച്ചതിനാലാണ് ആദ്യ ഗഡുതുക അധികമായി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 റിട്രോഫിറ്റിംഗ് - ഗുണഭോക്തൃലിസ്റ്റിന്റെ അഭാവത്താൽ പദ്ധതി നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരുടെ ഭവനങ്ങളിലെ കക്കൂസ് പുനരുദ്ധാരണം നടത്തി ശുചിത്വ പഞ്ചായത്ത് ആക്കുന്നതിനായി 2194756/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രോജക്ടാണ് പ്രോജക്ട് നം.SO211/21റിട്രോഫിറ്റിംഗ് . എന്നാൽ 2020-21 വർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/08.04.2022 ന് ലഭിച്ച മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പാക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. സ.ഉ(സാധാ) നം. 794/2020/l.s.g.d Dated 29.4.2020 ,സ.ഉ(സാധാ) നം. 1450/2020/l.s.g.d Dated 4.8.2020 എന്നിവ പ്രകാരം ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകളുടെ കാര്യത്തിൽ മുൻവർഷത്തെ പട്ടിക അടിസ്ഥാനമാക്കി അതിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും വരുത്തി പുതിയ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പ്രസിഡന്റ് നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റിക്കും ആയിരുന്നു. എന്നാൽ ഇത്തരത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. പദ്ധതി മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ഫർണിച്ചർ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. 249925/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0112/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹരിഹരപുരം ഗവ എൽപിഎസ്സിനും പ്രീപ്രൈമറി സ്കൂളുകൾക്കും ഫർണിച്ചർ വാങ്ങൽ |
| നിർവഹണം | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ് |
| അടങ്കൽ | 250000/- (മെ.നോൺറോഡ്) |
| ചെലവ് | 249925/- |
| ബിൽ നം | 303/16.02.2021 |

ഹരിഹരപുരം ഗവ എൽപിഎസ്സിനും പ്രീപ്രൈമറി സ്കൂളുകൾക്കും ഫർണീച്ചർ വാങ്ങുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം മേശയും കസേരയും വാങ്ങുന്നതിന് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3690/- രൂപ (മേശ കസേര ജോഡി) ക്വാട്ട് ചെയ്ത 90 ഡിഗ്രി കാർപ്പെന്ററി എന്ന സ്ഥാപനത്തിന് ടെൻഡർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം 249925/- രൂപ 90 ഡിഗ്രി കാർപ്പെന്ററി എന്ന സ്ഥാപനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ ദർഘാസ് പരസ്യ നിബന്ധന പ്രകാരം ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 90 ഡിഗ്രി കാർപ്പെന്ററി എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ഫയലിൽ വ്യക്തമാക്കിയിട്ടുമില്ല.

2)ഹാൻഡ് ഓവർ ലെറ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം 65 കസേരകളും 65 മേശകളും മേൽ സ്ഥാപനത്തിൽനിന്നും ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)ലഭ്യമാക്കിയ രേഖകൾ പ്രകാരം 90 ഡിഗ്രി കാർപ്പെന്ററി എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം 65 സെറ്റ് ഫർണീച്ചറിന്റെ വില 239850/- രൂപയാണ്(65x3690). എന്നാൽ പദ്ധതി പ്രകാരം 249925/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/08.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 249925/- രൂപ തടസപ്പെടുത്തുന്നു. ചെലവ് രേഖകളും അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക അധികമായി ചെലവഴിച്ചതിന് വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല. 59,751/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | LSGD ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരളങ്ങളും വാങ്ങൽ (143/21) |
| അടങ്കൽ തുക | 65,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് |
| ചെലവു തുക | 59751/- |
| ബിൽ നമ്പർ,തീയതി,തുക | 25/11.04.2020 |
| നിർവ്വഹണ ഏജൻസി | കെൽട്രോൺ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 ൽ LSGD ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരളങ്ങളും വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ തുക കൈമാറിയിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (40/13.04.2022) ന് ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നാളിതുവരെയും ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. ഫയൽ പരിശോധനയിൽ 2021-22 ലും 65000/ രൂപ അടങ്കൽ തുകയായി വീണ്ടും ഇതേ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതായും കെൽട്രോണിന്റെ പുതുക്കിയ ഇൻവോയിസ് പ്രകാരം 64/- രൂപ കൂടി കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന് കൈമാറിയതായും കാണുന്നു. 2020-21 ലെ പ്രോജക്ട് പ്രകാരം ക്യാഷ് പേയ്മെന്റ് ചെയ്തുവെങ്കിലും വർക്ക ഓർഡർ കൊടുക്കാൻ കഴിഞ്ഞില്ല എന്നും സിസ്റ്റത്തിന്റെ വില

വ്യതിയാനമുള്ളതിനാലാണ് വർക്ക് ഓർഡർ കൊടുക്കാൻ കഴിയാത്തത് എന്ന് കെൽട്രോണിൽ നിന്നും അറിയാൻ കഴിഞ്ഞുവെന്നും ടി കാരണത്താൽ വർക്ക് സ്പിൽ ഓവർ ആയി വീണ്ടും ഏറ്റെടുത്തു 64/- രൂപ പേയ്മെന്റ് നടത്തി വീണ്ടും വർക്ക് ഓർഡർ അയച്ചുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകുന്നതു വരെ ചെലവു തുകയായ 59751/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അസി.എൻജിനീയർ പ്രോജക്ട് ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ നടപ്പാക്കിയ പ്രവൃത്തികളുടെ പ്രോജക്ട് ഫയലുകളുടെ പരിശോധനയിൽ ചുവടെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ഏതാനും പ്രവൃത്തി ഫയലുകളിൽ BOQ, Comparative BOQ Statement എന്നിവ സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ

മലവിള കോളനി റോഡ് റീടാറിംഗ് &സൈഡ് കോൺക്രീറ്റ് (167/21)

എഫ് എച്ച് സിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (160/21)

ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിൽ (162/21)

2) ഏതാനും പ്രവത്തികളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരന് അയച്ച സെലക്ഷൻ നോട്ടീസിൽ തീയതി Correction Pen ഉപയോഗിച്ച് മായ്ച്ച കളഞ്ഞതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ

തുണ്ടിൽ പുളിമൂട് ക്ലാവറ റോഡ് റീടാറിംഗ് (154/21)

തെങ്ങുവിള റോഡ് റീടാറിംഗ് (153/21)

3) ചുവടെ പറയുന്ന പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ചെക്കലയിൽ ഇലക്ട്രിസിറ്റി റോഡ് റീടാറിംഗ് (152/21)

ഹോമിയോ ആശുപത്രിക്ക് സ്റ്റോർ റൂം (9721)

4) റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ ടാർ ബിൽ/സാക്ഷ്യപ്പെടുത്തിയ ടാർ ബില്ലിന്റെ പകർപ്പ് ബില്ലിനൊപ്പം സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ.

ചെക്കലയിൽ ഇലക്ട്രിസിറ്റി റോഡ് റീടാറിംഗ് (152/21)

വലിയവിളാകം ഏലാറോഡ് റീടാറിംഗ് (117/21)

5) ടെണ്ടർ / ഇ ടെണ്ടർ അംഗീകരിക്കുന്നത്, എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത് എന്നിവ സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ എന്നിവ അതാത് പ്രവൃത്തി ഫയലുകളിൽ സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ.

കെടാകുളം SNDP വടക്കേതൊടി റോഡ് കോൺക്രീറ്റിംഗ് (137/21)

ഏഴിക്കട റോഡ് റീടാറിംഗ് (76/21)

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (43/13.04.2022)ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ പ്രസ്തുത ന്യൂനതകൾ ഒഴിവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇലകമൺ ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ ഇപ്രകാരം കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (33/11.04.2022) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കൽ, റോഡ് രജിസ്റ്റർ, റോഡ് മാപ്പ് എന്നിവ ഉൾപ്പെടുത്തിയ പുതിയ പ്രോജക്ട് വയ്ക്കുവാനും അത് എത്രയും വേഗം നടപ്പിലാക്കാൻ വേണ്ട തീരുമാനം ലഭ്യമാക്കാൻ കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും കമ്മിറ്റി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പ്രോജക്ട് വച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-24 ആസ്തി സംരക്ഷണത്തിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഇലകമൺ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി ഗതാഗതത്തിന് ഉപയോഗിക്കുന്നതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതുമായ ചുവടെ ചേർക്കുന്ന റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ഇലകമൺ ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 26.05.2020 ലെ യോഗത്തിലെ അജണ്ട 9 തീരുമാനം (1) പ്രകാരം ചുവടെ പറയുന്ന തീരുമാനം എടുത്ത് എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി.

വാർഡ് 1- തോപ്പിൽതോട് റോഡ്, പരുത്തിപുഴ-കായൽപ്പുറം നടപ്പാത, കാട്ടുമാടം കോളനി റോഡ്, കാട്ടുമാടം വയൽ ഭാഗം നടപ്പാത വാർഡ് 2- പൈങ്കുളം ചരുവിള റോഡ്, ശ്രീരാമം റോഡ്, പുതുവിളകൃഷ്ണ റോഡ്, വേക്കുളം-മാടൻ നട ഹരിഹരപുരം റോഡ്, ചാമവിള ആനന്ദേശരം റോഡ്, നേതാജി പാലവിള റോഡ്, നേതാജി ചരുവിള റോഡ്, ഇ.എം.എസ് റോഡ്, തോട്ടിൻകര നടപ്പാത, ചരുവിള നടപ്പാത, മാധവേശ്വരം നടപ്പാത വാർഡ് 3- ഇലക്ട്രിസിറ്റി -ചെക്കാലയിൽ റോഡ് വാർഡ് 4- കളിയിക്കൽ വടക്കന്റഴികംറോഡ് ,ഊന്നിൻ മൂട്-കുന്നംപുറം റോഡ് വാർഡ് 5- കരിങ്ങോട് റോഡ് വാർഡ് 7- കുളഞ്ഞിലിൽ കൊടിയിൽ റോഡ്, എഴിപുറം-നീരോന്തിറോഡ്, മേടയിൽ ഫ്ലാറ്റ് റോഡ്, എഴിപുറം മുള്ളുവിള റോഡ് വാർഡ് 8- മേടയിൽ -ലക്ഷ്മിവിള റോഡ്, ഏഴിക്കട ബൈറോഡ് വാർഡ് 9- ശാസ്തനട റോഡ് വാർഡ് 10- കിടങ്കിൽ റോഡ്, ലണ്ടൻ മുക്ക്റോഡ് വാർഡ് 11- ആലിന്റമൂട് –മൂഴിയിൽ റോഡ് വാർഡ് 12- അയിരൂർ- അയണിവിള റോഡ്, അയിരൂർ തെക്കുമുറി നടപ്പാത, വലിയവിള കോളനി റോഡ് വാർഡ് 13 - ആറ്റുവരമ്പിൽ റോഡ് വാർഡ് 14 - കായൽപ്പുറം ചരുവിള റോഡ്, ഈഞ്ചയിൽ കോളനി നടപ്പാത വാർഡ് 15- തെറ്റികുഴി വയൽ റോഡ് വാർഡ് 16- ഊറ്റുകുഴി റോഡ്

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.14/07.04.2022) പ്രസ്തുത റോഡുകൾ ഗ്രാമ പഞ്ചായത്തിന് സറണ്ടർ ചെയ്ത് നല്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 കോവിഡ് പ്ര്തിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത്തലത്തിൽ മെഡിക്കൽ ഓഫീസർ മുഖാന്തിരം 80 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഹെൽപ്ഡസ്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 2020-21 ൽ 16,02,430/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ CFLTC രൂപീകരിച്ചിട്ടില്ല. എന്നാൽ VKCET വിമൻസ് ഹോസ്റ്റൽ, VKCETമെൻസ് ഹോസ്റ്റൽ, MAM സ്കൂൾ എന്നിവിടങ്ങളിൽ IQC പ്രവർത്തിച്ചിരുന്നു. ഇവയുടെ പ്രവർത്തനത്തിനായി 1,93,534/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചുട്ടുണ്ട്. കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചത്. കമ്മ്യൂണിറ്റി കിച്ചണിൽ ഭക്ഷണം വിതരണം നടത്തിയതിന് ഇന്ധന ചെലവായി 3400/- രൂപയും ജനകീയ ഹോട്ടലിൽ നിന്നും ഭക്ഷണം വിതരണം നടത്തിയതിന് 9360/- രൂപയും ചെലവഴിച്ചിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 34/11.04.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രവൃത്തികളുടെ മുഴുവൻ രേഖകളും കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-26 കമ്പ്യൂട്ടർ എ എം സി പുതുക്കൽ -കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടർ എ.എം.സി. പുതുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 51/21 |
| അടങ്കൽ | 1,25,000/- വികസനഫണ്ട് |
| ചെലവ് | 1,25,000/- |
| ബിൽ നമ്പർ | 317/26.02.21 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 125000/- രൂപ ചെലവാക്കിയിട്ടുണ്ട്. വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യുപിഎസുകൾ, ലാപ്ടോപുകൾ മുതലായവയെ എ എം സിയിൽ

ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ് പദ്ധതി.

1. പ്രസ്തുത കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണയെങ്കിലും എ എം സിയിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ ജനറൽ സർവീസും പരിശോധനയും കെൽട്രോൺ നടത്തണം എന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത പരിശോധനകൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഖണ്ഡിക 2.16 പ്രകാരം പരാതി രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനകം പരാതി പരിഹരിക്കപ്പെടാത്ത സാഹചര്യം ഉണ്ടാവുകയോ കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിൽ കെൽട്രോണിൽ നിന്നും ഫൈൻ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

കെൽട്രോൺ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ - 13തീയതി 07.04.2022.ന് മറുപടിയായി യഥാസമയം കെൽട്രോണുമായി ബന്ധപ്പെട്ട് പരിശോധനകൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും പരിശോധന നടത്തിയതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

സമയക്രമം കൃത്യമായി പാലിച്ച് വാറണ്ടി ഉള്ളവയെ ഒഴിവാക്കി എ എം സി പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഹാർഡ് വെയർ രജിസ്റ്റർ വാറണ്ടി പിരീഡ്, എ എം സി പിരീഡ് മുതലായവ കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കരാർ നിബന്ധനകൾ പ്രകാരമുള്ള പരിശോധനകൾ യഥാസമയം നിർവ്വഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 തെരുവുവിളക്കുകളുടെ അറ്റകുറ്റപണി - കരാറുകാരന്റെ യോഗ്യത വ്യക്തമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്ക് അറ്റകുറ്റപണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 110/21 |
| അടങ്കൽ | 4,00,000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്-200000<br>തനത്ഫണ്ട്-200000) |
| ചെലവ് | 1,84,079/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്-60038/-<br>തനത്ഫണ്ട്-124041/-) |
| ബിൽ നം | 229/18.12.20 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ തെരുവുവിളക്ക് അറ്റകുറ്റപണിയുടെ ലേബർചാർജ്ജായി 1,84,079/-രൂപ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിക്കായി തെരഞ്ഞെടുത്ത ഊർജ്ജമിത്ര, അയിരൂരിന് നൽകിയിട്ടുണ്ട്. എന്നാൽ ഊർജ്ജമിത്രയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാറുകാരന്റെ യോഗ്യത, ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന്റെ പകർപ്പ്, ഇൻഷ്വറൻസ് മുതലായ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ.02 തീയതി 6.4.22ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ രേഖകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലതകളിൽ ഉൾപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ പരിപാലനം. അതിനാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തിരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. ഇലക്ട്രീഷ്യൻമാർക്ക് സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് കെ.എസ്.ഇ.ബി അംഗീകരിച്ച യോഗ്യതകൾ ഉണ്ടോ എന്ന് കൃത്യമായി വിലയിരുത്തുകയും ഇലക്ട്രീഷ്യൻമാരുമായി കൃത്യമായി കരാറിൽ ഏർപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വാട്ടർ അതോറിറ്റി - ഡിപ്പോസിറ്റ് പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 64/21 |
| അടങ്കൽ | 10,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 10,00,000/- |
| ബിൽ നം | 268/20.1.21 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 10,00,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം

ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവർത്തിയുടെ തുടർ വിവരങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.04 തീയതി 6.4.22ന് മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-29 കരാറിൽ ഏർപ്പെടാതെ ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകുന്നു.

| പദ്ധതിയുടെ പേര് | വിശദവിവരം | അപാകതകൾ |
|---|---|---|
| പോസ്റ്റ് സ്ഥാപിച്ച് തെരുവുവിളക്ക് പ്രകാശിപ്പിക്കൽ | പ്രോജക്റ്റ് നമ്പർ-52/21<br>അടങ്കൽ-3,00,000/-(ധനകാര്യകമ്മീഷൻ അവാർഡ്)<br>ചെലവ്-2,99,696/-<br>ബിൽ നമ്പർ-401/29.3.21 | കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. |
| സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | പ്രോജക്റ്റ് നമ്പർ-132/21<br>അടങ്കൽ-8,00,000/-(ധനകാര്യകമ്മീഷൻ അവാർഡ്)<br>ചെലവ്-7,99,922/-<br>ബിൽ നമ്പർ-13/11.4.20 | കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. |

സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നമ്പർ സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വരും വർഷങ്ങളിലെ ഡിപ്പോസിറ്റ് പ്രവൃത്തികളിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.11 തീയതി. 07.04.2022)

പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് പരിചരണം ,ആർദ്രം പദ്ധതി എന്നിവയുടെ ചെലവ് രേഖകൾ മുഴുവനായും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 4,12,677/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പാലിയേറ്റീവ് പരിചരണം, ആർദ്രം പദ്ധതി എന്നിവയുടെ ചെലവ് രേഖകൾ മുഴുവനായും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 4,12,677/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 9/21 |
| അടങ്കൽ | 8,00,000/-<br>(വികസനഫണ്ട് 349645 + തനത്ഫണ്ട് 250355+ ബ്ളോക്ക് പഞ്ചായത്ത് വിഹിതം 200000) |
| ചെലവ് | 7,24,072/-(വികസനഫണ്ട് 349645 + തനത്ഫണ്ട് 249427+ബ്ളോക്ക് പഞ്ചായത്ത് വിഹിതം 125000) |
| ബിൽ നമ്പർ | 176/28.10.20 – 249427/-<br>85/6.7.20 - 22955/-<br>249/7.1.21 - 32046/-<br>81/6.7.20 - 250000/-<br>51/29.5.20 - 44644/-<br>ചെക്ക് നം.093190 - 78535/-<br>ചെക്ക് നം. ലഭ്യമല്ല - 170892/- |

പദ്ധതി രൂപീകരണഫോറം ലഭ്യമാക്കിയിട്ടില്ല. 170892/- രൂപയുടെ ബില്ലുകളും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമല്ല. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ആർദ്രം പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 168/21 |
| അടങ്കൽ | 6,96,000/-<br>തനത്ഫണ്ട് |
| ചെലവ് | 5,45,465/- |
| ബിൽ നമ്പർ | ലഭ്യമല്ല |

പദ്ധതി രൂപീകരണഫോറം ലഭ്യമാക്കിയിട്ടില്ല. 2,41,785/-രൂപയുടെ ബില്ലുകളും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.16 തീയതി 08.04.2022.നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 4,12,677/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 പട്ടികജാതി സങ്കേതങ്ങളിൽ ആരോഗ്യ പരിരക്ഷ-ആരോഗ്യ ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 38000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി സങ്കേതങ്ങളിൽ ആരോഗ്യ പരിരക്ഷ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 82/21 |

| | |
|---|---|
| അടങ്കൽ | 4,00,000/-<br>വികസനഫണ്ട് എസ് സി പി |
| ചെലവ് | 2,02,472/- |
| ബിൽ നമ്പർ | 232/23.12.20-10000/-<br>342/15.3.21-6212/-<br>344/15.3.21-17438/-<br>373/24.3.21-75044/-<br>391/26.3.21-55778/-<br>398/27.3.21-38000/- |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പദ്ധതി രൂപീകരണഫോറം ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ വ്യക്തമല്ല.

2. 38,000/-രൂപയ്ക്ക് (ബിൽനമ്പർ-398/27.3.21) ആരോഗ്യ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങൽ വിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 പ്രകാരം എസ്റ്റിമേറ്റ് തുക 15000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാന്വൽ അനുശാസിക്കും പ്രകാരമാണോ സാധനങ്ങൾ വാങ്ങിയത് എന്നുള്ള വിവരം വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4.വാങ്ങൽ നടപടികൾക്ക് പഞ്ചായത്ത് ഭരണസമിതിയുടെയോ പ്രൊക്വയർമെന്റ് കമ്മിറ്റിയുടേയോ അംഗീകാരം വാങ്ങിയിട്ടില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.17 തീയതി 08.04.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 38,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 വയോമിത്രം(ജനറൽ) പദ്ധതി -തുക മുഴുവനും ജീവനക്കാർക്ക് ശമ്പളം നൽകുവാൻ വേണ്ടി മാത്രം ചെലവാക്കി.

| | |
|---|---|
| പദ്ധതിയുടെ പേര് | വയോമിത്രം ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 47/21 |
| അടങ്കൽ | 5,00,000/-<br>വികസനഫണ്ട് ജനറൽ - 306000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-194000/- |
| ചെലവ് | 4,99,950/- |
| ബിൽ നമ്പർ | 48/29.5.20-56800/-<br>82/6.7.20-20800/- |

| | | |
|---|---|---|
| | | 130/16.9.20-68400/- |
| | | 131/16.9.20-3600/- |
| | | 156/5.1.20-60000/- |
| | | 200/11.11.20-39200/- |
| | | 255/10.12.20-42400/- |
| | | 244/6.1.21-46875/- |
| | | 250/7.1.21-14800/- |
| | | 288/2.2.21-50100/- |
| | | 326/6.3.21-45800/- |
| | | 351/19.3.21-51175 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ പറയുന്നു .

1. പദ്ധതി രൂപീകരണഫോറം ലഭ്യമാക്കിയിട്ടില്ല.

2. 60 വയസ്സിനു മുകളിലുള്ള രോഗാതുരരായ വ്യക്തികളുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനായി മരുന്നുകളും ഫിസിയോതെറാപ്പി ഉപകരണങ്ങളും വാങ്ങുന്നതിനായിരുന്നു പദ്ധതി. എന്നാൽ പദ്ധതിക്കായി ചെലവായതിൽ 4,85,150/-രൂപയും ഡയറ്റീഷ്യൻ, ഫിസിയോതെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നീ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി വിനിയോഗിച്ചിരിക്കുന്നു.

3. പദ്ധതിക്കായി തെരഞ്ഞെടുത്ത വ്യക്തികളുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

4. ഡയറ്റീഷ്യൻ, ഫിസിയോതെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവരുടെ നിയമനം സംബന്ധിച്ച ഫയലുകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ -18 തീയതി 08.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വൃദ്ധജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ തുക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാത്രമായി വിനിയോഗിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-33 വയോമിത്രം പദ്ധതി -വാങ്ങൽ നടപടികളുടെ രേഖകൾ ഹാജരാക്കിയില്ല. 85172/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വയോമിത്രം എസ്.സി.പി. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 48/21 |
| അടങ്കൽ | 4,00,000/-<br>വികസനഫണ്ട് എസ് സി പി |
| ചെലവ് | 3,85,172/- |
| ബിൽ നമ്പർ | 107/25.8.20-300000/-<br>402/29.3.21-46028/-<br>350/19.3.21-39144 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണഫോറം ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

വ്യക്തമല്ല.

2.39144/-രൂപയ്ക്ക് (ബിൽനമ്പർ-350/19.3.21) HMSമെഡിക്കൽ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും, 46028/- രൂപയ്ക്ക് Hemidlime Systemsഎന്ന സ്ഥാപനത്തിൽ നിന്നും ആരോഗ്യ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങൽ

വിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ അനുശാസിക്കും പ്രകാരമാണോ സാധനങ്ങൾ വാങ്ങിയത് എന്നുള്ള വിവരം വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കായിട്ടില്ല.

3.സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4.വാങ്ങൽ നടപടികൾക്ക് പഞ്ചായത്ത് ഭരണസമിതിയുടെയോ പ്രൊക്വയർമെന്റ് കമ്മിറ്റിയുടേയോ അംഗീകാരം വാങ്ങിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം - 19 തീയതി 08.04.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 85172/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 അനുപൂരക പോഷകാഹാര വിതരണ പദ്ധതി -ന്യൂട്രിമിക്സിന്റെ ലാബ് പരിശോധന വിവരം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | അനുപൂരക പോഷകാഹാര വിതരണ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 13/21 |
| അടങ്കൽ | 15,00,000/-<br>(വികസനഫണ്ട് 600000 + കേന്ദ്രാവിഷ്കൃത ഫണ്ട് 700000+ ബ്ളോക്ക് പഞ്ചായത്ത് വിഹിതം 200000) |
| ചെലവ് | 12,59,793<br>(വികസനഫണ്ട് 600000+ കേന്ദ്രാവിഷ്കൃത ഫണ്ട് 609793 + ബ്ളോക്ക് പഞ്ചായത്ത് വിഹിതം 50000) |
| ബിൽ നമ്പർ | 15809/-78/29.6.20<br>322758/-74/29.6.20<br>213280/-103/14.8.20<br>19522/-321/3.3.21<br>28631/-414/3.3.21 |

2020-21 വർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)ക്കായി 12,59,793/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ അഞ്ച് ലക്ഷത്തോളം രൂപ ചെലവഴിച്ചിരിക്കുന്നത് യുവശക്തി യുവശ്രീ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിനായാണ്.

കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെൻറ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയാണോ അങ്കണവാടികളിൽ ഇതിന്റെ വിതരണം നടത്തിയിരിക്കുന്നത് എന്ന് വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.12തീയതി 07.04.22ന് ലഭ്യമാക്കിയ മറുപടി പ്രകാരം വനിതാ ശിശുവികസന

ഡയറക്ടറുടെ 13.1.2021ലെ കത്ത് പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ ചെന്നൈ ലാബിലേക്ക് പരിശോധനയ്ക്കായി അയക്കേണ്ടതില്ല എന്നറിയിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനുമുമ്പും 2020-21 വർഷം പരിശോധന നടത്തിയിട്ടില്ല.

രണ്ട് മാസത്തിലൊരിക്കൽ ലാബ് ടെസ്റ്റ് നടത്തി ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം മാത്രം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-35 പാഥേയം പദ്ധതി- ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം പേര് | S0195/21,<br>പാഥേയം എസ് സി പി |
| അടങ്കൽ തുക | 353400/- |
| ചെലവ് തുക | 353400/- |
| ബിൽ നം തീയതി | 20010752057600497584,<br>7.9.20 |
| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

60 പേർക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് 2019-20 വർഷം ജില്ലാപഞ്ചായത്തുമായി സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയിൽ ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ ഭക്ഷണവിതരണം നടത്തിയ കുടുംബശ്രീ യൂണിറ്റുകൾക്ക് 10/19 മുതൽ 3/20 വരെയുള്ള കാലയളവിൽ ഭക്ഷണ പൊതി വിതരണം ചെയ്ത ഇനത്തിൽ നല്കുവാനുള്ള തുക നല്കാൻ കഴിഞ്ഞിട്ടില്ല.ടി തുക നൽകുവാനായാണ് പദ്ധതി തയ്യാറാക്കിയത്.

പ്രസ്തുത പദ്ധതിയിൽ 19-20 വർഷം 345560/- രൂപ വികസനഫണ്ട് എസ് സി പി ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന പാഥേയം പദ്ധതിയിൽ ഒരു പൊതി ഭക്ഷണത്തിന് ജില്ലാ പഞ്ചായത്ത് 60%, ഗ്രാമ പഞ്ചായത്ത് 40% എന്നിങ്ങനെയാണ് ഫണ്ട് വിഭജനം സൂചിപ്പിച്ചിട്ടുള്ളത്. 19-20 വർഷം 345600/- രൂപയും 20-21 വർഷം 353400/- രൂപയും ഉൾപ്പെടെ ആകെ 699000/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 419400/- രൂപ ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിക്കേണ്ട തുകയാണ്. പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും ഗ്രാമ പഞ്ചായത്ത് വിഹിതമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 42, 13.4.22) ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് യോഗ തീരുമാനം ഹാജരാക്കുന്നതിന് കാലതാമസം നേരിട്ടു എന്ന കാരണത്താൽ ജില്ലാ പഞ്ചായത്ത് വിഹിതം നല്കാൻ കഴിയില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെന്നും എന്നാൽ പൊതി ചോറ് വിതരണം മുടക്കം കൂടാതെ നടത്തിയ വകയിൽ കുടുംബശ്രീക്ക് 353400/- രൂപ നല്കാനുള്ളതിനാൽ 20-21 വർഷം ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചുവെന്നും ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഫണ്ട് ലഭ്യത ഉറപ്പാക്കിയും നിയമാനുസൃതമായും നടപ്പിലാക്കുമെന്ന് അറിയിച്ചു.

ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കാതെ ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രം ചെലവഴിച്ചത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. പാഥേയം പോലുള്ള ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തിയും കാര്യക്ഷമവുമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ സൂചിപ്പിച്ച അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം-ചെലവ് രേഖകൾ ഹാജരാക്കിയില്ല-746669/- രൂപ തടസ്സപ്പെടുത്തുന്നു

A.

| | |
|---|---|
| പദ്ധതി നം, പേര് | എസ് 00 18/21 ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം |
| അടങ്കൽ തുക | 7,85,180/- |
| ചെലവ് തുക | 560800/- (326800 വികസന ഫണ്ട്,<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്- 142000/-, ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 92000/-) |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി . സെക്രട്ടറി |

B.

| | |
|---|---|
| പദ്ധതി നം, പേര് | എസ് 00 178/21 ബഡ്സ് സ്കൂൾ തുടർ പ്രവർത്തനം |
| അടങ്കൽ തുക | 500000/- |
| ചെലവ് തുക | 244869/- സംസ്ഥാനാവിഷ്കൃത ഫണ്ട് |
| നിർവഹണോദ്യോഗസ്ഥൻ | അസി . സെക്രട്ടറി |

മേൽ സൂചിപ്പിച്ച പദ്ധതികളിൽ ക്രമ നം A പ്രകാരമുള്ള പദ്ധതിയിൽ 560800/- രൂപ ചെലവഴിച്ചതിൽ 50000/- രൂപയുടെ ബിൽ , അനുബന്ധ രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ബാലൻസ് തുക 501800/- രൂപയുടെ ബിൽ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. ക്രമ നം Bപ്രകാരമുള്ള പദ്ധതിയുടെ ചെലവ് രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ , അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 46, 16.4.22) രേഖകൾ കണ്ടെത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

രേഖകൾ ഹാജരാക്കാത്തതിനാൽ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച തുക 746669 (501800+ 244869) തടസ്സപ്പെടുത്തുന്നു.

## 1-37 ഹരിത ഭവനം പദ്ധതി, അനുബന്ധരേഖകൾ ഹാജരാക്കിയില്ല- 45000/- രൂപ തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവഹണം നടത്തിയ ഹരിതഭവനം പദ്ധതിയിൽ ഫയലിനോടൊപ്പം അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ.

| | |
|---|---|
| പ്രോജക്ട് നം പേര് | എസ് 00 17/21ഹരിതഭവനം |
| | 222000,(150000 വികസന ഫണ്ട്, 72000 ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 45000/-(വികസന ഫണ്ട്) |
| ബിൽ നം തീയതി | 200107520580014398O9/30.3.21 , 30000/-<br>2001075205800109375 6/16.02.21 , 15000/- |

മേൽ പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് 15000/- രൂപ വീതം 45000/- രൂപ നല്കിയിട്ടുണ്ട്. പദ്ധതി ഫയലിൽ കിണർ റീചാർജ്ജ് ചെയ്തതിന്റേയും കോഴിയും കൂടും വാങ്ങിയതിന്റെ കൈപ്പറ്റ് രസീതും മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ ഇവ നല്കിയതുമായി ബന്ധപ്പെട്ട് സബ്സിഡി സംബന്ധിച്ച വിവരങ്ങൾ വ്യക്തത ഇല്ല. അതിനാൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നല്കാവുന്ന സബ്സിഡി തുക, സബ്സിഡി നല്കിയ ഇനങ്ങളും അവയ്ക്ക് നല്കിയ തുക എന്നിവ സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 47, 16.4.22) രേഖകൾ ഉടൻ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 45000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല- 683360/- രൂപ തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിൽ ഫയലിനോടൊപ്പം അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.വിശദവിവരം ചുവടെ.

| ക്രമ നം | പ്രോജക്ട് നം , പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം തീയതി | ഹാജരാക്കേണ്ട അനുബന്ധരേഖകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | എസ്00 19/21 കിണർ റീചാർജ്ജ് | 129600 (CFC Grant) | 36000 | 20010752058001093751, തീയതി 16.2.21, 28800/- 20010752058001349788 തീയതി 25.3.21 7200/- | എൽ എസ് ജി ഡി ഓവർസീയറുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ് ഒറിജിനൽ ഹാജരാക്കിയിട്ടില്ല. |
| 2. | എസ്0014/21 കേദാരം സമഗ്ര നെൽകൃഷി വികസനം | 6790800(1165800 വികസന ഫണ്ട് , 722500 (ബ്ളോക്ക് പഞ്ചായത്ത് വിഹിതം), 722500 (ജില്ലാ പഞ്ചായത്ത് വിഹിതം),4180000 മറ്റുള്ളവ | 878100(1155600വികസന ഫണ്ട് , 722500 (ബ്ളോക്ക് പഞ്ചായത്ത് വിഹിതം) | 20010752058000332130 തീയതി 09.7.20, 870000/- 19010752058001449986 തീയതി 10.3.20, 722500/- | 1592500/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കി.വികസനഫണ്ട് 285600/- രൂപ ചെലവഴിച്ചതിന്റെ ബിൽ, രേഖകൾ ഹാജരാക്കിയില്ല. |
| 3. | എസ് 00 174/21, സുഭിക്ഷ കേരളം | 2443180 (വികസനഫണ്ട്700000/-, ബ്ളോക്ക് പഞ്ചായത്ത് വിഹിതം 496650/-, മറ്റുള്ളവ 1246530/-) | 561810/- (403410 വികസന ഫണ്ട്, 158400 ബ്ളോക്ക് പഞ്ചായത്ത് വിഹിതം) | 20010752058001456480 തീയതി 31.3.21, 41650/- 20010752058001439795 തീയതി 30.3.21, 52500/- 20010752058001439802 തീയതി 30.3.21, 105900/- | 200050/- രൂപയുടെ രേഖകൾ ഹാജരാക്കി.203360/- രൂപയുടെ വികസന ഫണ്ട് രേഖകളും 158400/- രൂപയുടെ ബ്ളോക്ക് പഞ്ചായത്ത് ചെലവ് രേഖകളും ഹാജരാക്കിയില്ല. |

മേൽ സൂചിപ്പിച്ച രേഖകൾ, അനുബന്ധ രേഖകൾ, ബിൽ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45, 16.4.22) രേഖകൾ കണ്ടെത്തി ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളുടെ ചെലവ് തുക 683360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 പി എച്ച് സിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി-ഫയൽ ഹാജരാക്കിയില്ല- 57,536/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പി എച്ച് സിക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 144/21 |
| അടങ്കൽ | 58750/- ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 57536/ |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി എച്ച് സിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതിയ്ക്കായി 2020-21 വർഷം 57536/- രൂപ ചെലവാക്കിയിട്ടുണ്ട്.എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നമ്പർ 01 തീയതി 08.4.22 നൽകിയിരുന്നുവെങ്കിലും ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 57,536/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 20-21 മുൻബാക്കി (305770) വരവ് (3181445) | | പാലിന് സബ്സിഡി- ജനറൽ | 80000 | 305770 |
| | | | സ്നേഹസ്പർശം | 349125 | |
| | | | കിണർ റീ ചാർജ്ജിംഗ് | 82080 | |
| | | | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-എസ് സി പി | 225000 | |
| | | | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-ജനറൽ | 183590 | |
| | | | ലക്ഷം വീട് കോളനി പുനരുദ്ധാരണം | 960000 | |
| | | | ഹരിതഭവനം | 52150 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 1249500 | |
| | | | ആകെ | 3181445 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2506740 (മുൻബാക്കി) 2769905 (വരവ്) | പാലിന് സബ്സിഡി- ജനറൽ | 300000 | 1439153 |
| | | | ബഡ്സ് സ്കൂൾ പ്രവർത്തനം | 92000 | |
| | | | സുഭിക്ഷകേരളം | 158400 | |
| | | | അനുപൂരക പോഷകാഹാരം | 50000 | |
| | | | സ്നേഹസ്പർശം | 349125 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 722500 | |
| | | | ശാരീരിക വെല്ലുവിളി നേരിടുന്നനർക്ക് സ്കോളർഷിപ്പ് | 50000 | |
| | | | പാലിയേറ്റീവ് കെയർ | 125000 | |
| | | | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (Scp) | 225000 | |
| | | | ലൈഫ് ഭവന നിർമ്മാണം - ജനറൽ | 257880 | |
| | | | ലൈഫ് എസ് സി പി | 1067587 | |
| | | | ലക്ഷം വീട് കോളനി പുനരുദ്ധാരണം | 440000 | |
| | | | ആകെ | 3837492 | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

| നിർവ്വഹണ ഏജൻസി | മുൻബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച/വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 1,49,086 | ഗതാഗത തടസ്സം നിൽക്കുന്ന വൈദ്യുതി | 96,094 | - | 5,44,876 |

| | | | | | |
|---|---|---|---|---|---|
| | | പോസ്റ്റ മാറ്റി സ്ഥാപിക്കൽ | | | |
| KSEB | - | പോസ്റ്റ് സ്ഥാപിച്ച് തെരുവു വിളക്ക് പ്രകാശിപ്പിക്കൽ | 2,99,696 | - | |
| KWA | 10,44,255 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 10,00,000 | | 21,15,390 |
| KWA | - | പകൽവീട്, പി.എച്ച്.സി. എന്നിവിടങ്ങളിലെ വാട്ടർ കണക്ഷൻ | 71,135 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| HUDCO | G.O.(P)43/20 തീയതി 01.01.21 | 56,19,600/- | - | 5,12,824/- | 1,05,09,129/- |
| | G.O.(P)4461/20 തീ.03.08.20 | - | 59,00,000/- | 2,48,824/- | |
| | G.O.(P)43/20 തീയതി 01.01.21 | - | | 2,48,823/- | |
| ആകെ | | 56,19,600/- | 59,00,000/- | 10,10,471/- | 1,05,09,129/-* |

* 2020-21 B5ഷെഡ്യൂളിൽ 10409129/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 18867695.43 |
| ഓഡിറ്റ് വർഷത്തെ വരവ് | 87924815.00 |
| ആകെ | 106792510.43 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89653916.00 |
| നീക്കിയിരിപ്പ് | 17138594.43 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2378090.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2,49,925/- | ശ്രീ. ജോയ്.പി. ,ഹെഡ് മാസ്റ്റർ |
| 1-21 | 59,751/- | ശ്രീമതി സ്നേഹ ബാബു.എച്ച്., എ.ഇ,,എൽ.എസ്.ജി.ഡി. |
| 1-30 | 4,12,677/- | ശ്രീമതി ബ്രിജില.എസ്., മെഡിക്കൽ ഓഫീസർ, F.H.C. |
| 1-31 | 38,000/- | ശ്രീമതി ബ്രിജില.എസ്., മെഡിക്കൽ ഓഫീസർ, F.H.C. |
| 1-33 | 85,172/- | ശ്രീമതി ബ്രിജില.എസ്., മെഡിക്കൽ ഓഫീസർ, F.H.C. |
| 1-36 | 746669/- | ശ്രീ. കെ.രാജമോഹൻപോറ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 45,000/- | ശ്രീ. പ്രശാന്ത്.പി.വി. , കൃഷി ഓഫീസർ |
| 1-38 | 683360/- | ശ്രീ. പ്രശാന്ത്.പി.വി., കൃഷി ഓഫീസർ |
| 1-39 | 57,536/- | ശ്രീമതി ബ്രിജില.എസ്., മെഡിക്കൽ ഓഫീസർ, F.H.C. |
| ആകെ | 23,78,090/- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ജോയ്.പി. , ഹെഡ് മാസ്റ്റർ | ലഭ്യമല്ല | കൃപ, മണക്കുന്നുവിള, ഹരിഹരപുരം.പി.ഒ. |
| 2 | ശ്രീമതി സ്നേഹ ബാബു.എച്ച്., എ.ഇ,,എൽ.എസ്.ജി.ഡി. | ലഭ്യമല്ല | അഷ്ടപദി, Lane-13, LIC റോഡ്, പട്ടം, |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം |
| 3 | ശ്രീമതി ബ്രിജില.എസ്., മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, F.H.C. ഇലകമൺ | ശ്രീനന്ദനം, ഭൂതക്കുളം, കൊല്ലം. |
| 4 | ശ്രീ. കെ.രാജമോഹൻപോറ്റി, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | ശ്രീരാഗം, ചെറുകുന്നം, വർക്കല |
| 5 | ശ്രീ. പ്രശാന്ത്.പി.വി., കൃഷി ഓഫീസർ | ലഭ്യമല്ല | സ്വാസ്തിക, 42A, CGS നഗർ, പാപ്പനംകോട് പി.ഒ. തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1372/2018, തീയതി 22.06.2018 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1380/2016, തീയതി 03.08.2016 | 9 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1720/2016, തീയതി 31.10.2016 | 16 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1415/2017, തീയതി 05.07.2017 | 19 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/176/2019, തീയതി 08.03.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/197/2020, തീയതി 08.05.2020 | 36 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1814/2021, തീയതി 00.00.2021 | 38 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം .

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്